**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4587** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളിൽ ചെളിയും മണലും അടിഞ്ഞു കിടന്ന് ജല സംഭരണശേഷി നഷ്ടപ്പെട്ട് പോകുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു; | (എ) | തൃശൂർ പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ഇറിഗേഷൻ വകുപ്പിനു കീഴിലെ വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെയും, ചെളിയുടെയും, എക്കലിന്റെയും അളവ് പഠന വിധേയമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഡാമുകളുടെ സംഭരണശേഷിയിൽ പരമാവധി 48% വരെ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞു കൂടിയ ചെളിയും മണലും നീക്കം ചെയ്യുന്നതിന് (ഡീസിൽറ്റേഷൻ) 26/09/2017ലെ സ.ഉ(കൈ) നം.79/17/ജവിവ, 14/05/2019 ലെ സ.ഉ(കൈ) 14/19/ജവിവ എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തന രേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈ ലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br><br>മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17/12/2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ കരാറിൽ അംഗീകരിച്ചതിൻ പ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ |

| | | | |
|---|---|---|---|
| | | | 30/05/2022 ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.<br><br>ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ( KIIDC) യും വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL)യും ഏൽപ്പിച്ചിട്ടുണ്ട്.<br><br>ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL) മായി ചർച്ചകൾ നടത്തി വരികയാണ്.<br><br>കേരള വാട്ടർ അതോറിറ്റിക്കു കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ( KIIDC) ഏൽപ്പിക്കാൻ 30/05/2022 ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന ചെളിയും എക്കലും നീക്കം ചെയ്യാനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | തൃശ്ശൂർ പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ഇറിഗേഷൻ വകുപ്പിനു കീഴിലെ വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെയും, ചെളിയുടെയും, എക്കലിന്റെയും അളവ് പഠന വിധേയമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഡാമുകളുടെ സംഭരണശേഷിയിൽ പരമാവധി 48% വരെ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞു കൂടിയ ചെളിയും മണലും നീക്കം ചെയ്യുന്നതിന് (ഡീസിൽറ്റേഷൻ) 26/09/2017ലെ സ.ഉ(കൈ) നം.79/17/ജവിവ, 14/05/2019 ലെ സ.ഉ(കൈ) 14/19/ജവിവ എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തന രേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈ ലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br><br>മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17/12/2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ കരാറിൽ അംഗീകരിച്ചതിൻ പ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ 30/05/2022 ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.<br><br>ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ( KIIDC) യും വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL)യും ഏൽപ്പിച്ചിട്ടുണ്ട്.<br><br>ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL) മായി ചർച്ചകൾ നടത്തി വരികയാണ്.<br><br>കേരള വാട്ടർ അതോറിറ്റിക്കു കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ( KIIDC) ഏൽപ്പിക്കാൻ 30/05/2022 ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) | ഇവ നീക്കം ചെയ്യുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ഡീസിൽറ്റേഷൻ പ്രവൃത്തികൾക്കായി ലോ കോസ്റ്റ് മെഷീനറി വാങ്ങുന്ന വിഷയം സർക്കാർ പരിശോധിച്ച വരികയാണ്. |

സെക്ഷൻ ഓഫീസർ